ഐസ്ഫോസ് 24 പതിമൂന്നാം പതിപ്പിന് ഫിസാറ്റിൽ തുടക്കമായി

അങ്കമാലി : ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടക്കുന്ന നാഷണൽ കോൺഫ്രൻസ് ഐസ്ഫോസ് 24 ന്റെ പതിമൂന്നാം പതിപ്പിന് തുടക്കമായി. ഹാക്കത്തോണുകൾ വർക്ക്ഷോപ്പുകൾ തുടങ്ങി സാങ്കേതിക മേഖലയിലെ നിരവധി സെഷനുകൾക്കാണ് സമ്മേളനം സാക്ഷ്യം വഹിക്കുന്നത്.

ഐസി ഫോസ്റ്റ് ഡയറക്ടർ ഡോ ടി ടി സുനിൽ സമ്മേളനം ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് അധ്യക്ഷത വഹിച്ചു .മൂന്ന് ദിവസങ്ങളിലായിട്ടാണ് സമ്മേളനം നടക്കുന്നത്. ഫിസാറ്റ് ഫ്രീ സോഫ്റ്റ്‌വെയർ സെല്ലും, എ സി എം സ്റ്റുഡൻറ് ചാപ്റ്ററും കമ്പ്യൂട്ടർ സയൻസ് വിഭാഗവും സംയുക്തമായിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചെലുത്തുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചു നടത്തുന്ന ഹാക്കത്തോണിൽ ദേശിയ തലത്തിൽ ഇരുന്നൂറിലേറെ വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. ഹാക്ക് ഫിറ്റ് 3.0 യുടെ ഉദ്ഘാടനം കോഗ്നിസന്റ് ടെക്നോളജി സൊല്യൂഷൻസ് , എൻഗേജ് മെൻറ് ഡെലിവെറി ഹെഡ് പോൾ മോഹൻ നിർവഹിച്ചു. യദു കൃഷ്ണൻ, നിനോ ജോയ് , ഫർഹാൻ ബിൻ ഫാസിൽ , പോൾവിൻ ഡേവിസ്, ഷോൺ സേവ്യർ എന്നിവർ ഫോസ് ടെക്നോളജിയിൽ വിവിധ വർക്ക്ഷോപ്പുകൾക്ക് നേതൃത്വം നൽകും. നാല്പത്തിരണ്ടു ടീമുകളാണ് മത്സരത്തിൽ മാറ്റുരക്കുന്നത്.

ചടങ്ങിൽ സി ടി എസ് എച് ആർ വിഭാഗം മേധാവി മഹിമ തങ്കം രാജു, പ്രിൻസിപ്പൾ ഡോ ജേക്കബ് തോമസ്, വൈസ്പ്രിൻസിപ്പൾ ഡോ പി ആർ മിനി, കകമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ഡോ ജ്യോതിഷ് കെ ജോൺ പ്രോഗ്രാം കോ ഓർഡിനേറ്റർ മെറിൻ ചെറിയാൻ സ്റ്റുഡന്റ് കോഓർഡിനേറ്റർ ഗൗതം പ്രശാന്ത് എന്നിവർ സംസാരിച്ചു

അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടന്ന ഐസ്ഫോസ് നാഷണൽ കോൺഫ്രൻസ് ഐസി ഫോസ്റ്റ് ഡയറക്ടർ ഡോ ടി ടി സുനിൽ ഉത്ഘാടനം ചെയ്യുന്നു. മെറിൻ ചെറിയാൻ, ഡോ ജ്യോതിഷ് കെ ജോൺ, ഡോ ജേക്കബ് തോമസ്, പോൾ മോഹൻ, പി ആർ ഷിമിത്ത്, ഡോ പി ആർ മിനി, മഹിമ തങ്കം രാജു തുടങ്ങിയവർ സമീപം

കൊച്ചി നഗരത്തിൽ യുവതിക്ക് ക്രൂര മർദനം, ആക്രമിച്ചത് പ്രതിശ്രുത വരൻ

കൊച്ചി: കൊച്ചി നഗരത്തിൽ യുവതിക്ക് ക്രൂരമർദനം. പ്രതിശ്രുത വരനും സുഹൃത്തുക്കളും ചേർന്നാണ് യുവതിയെ മർദിച്ചത്. വൈറ്റില കടവന്ത്ര സഹോദരൻ അയ്യപ്പൻ റോഡിന്റെ വശത്തുള്ള ജനതാ റോഡിൽ വച്ചാണ് നാലു പേർ ചേർന്ന് യുവതിയെ ക്രൂരമായി മർദിച്ചത്. യുവതിയെ മർദിക്കുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നു.
ബുധനാഴ്ച പുലർച്ചെ 4:30നാണ് സംഭവം. യുവാവിനൊപ്പം മൂന്ന് സുഹൃത്തുക്കളുമുണ്ടായിരുന്നു. യുവതിയെ യുവാവ് ആദ്യം ആക്രമിക്കുന്നത് റോഡിൽ വച്ചാണ്. മുഖത്ത് അടിക്കുന്നതു കണ്ട് ഒരാൾ കാര്യം അന്വേഷിച്ചപ്പോഴാണ് ജനതാ റോഡിലേക്ക് കയറിയത്. അവിടെവച്ച് പെൺകുട്ടിയെ കുനിച്ച് നിർത്തിയും മതിലിൽ ചാരി നിർത്തിയും മർദിക്കുകയുമായിരുന്നു. പെൺകുട്ടിയുടെ കരച്ചിൽ കേട്ട് സുഹൃത്തുക്കൾ ഇവരുടെ അടുത്തേക്ക് വന്നെങ്കിലും യുവാവിനെ തടഞ്ഞില്ല.
പ്രാണരക്ഷാർഥം യുവതി പിന്നീട് തൊട്ടടുത്തുള്ള പാർക്കിങ് ഗ്രൗണ്ടിലേക്ക് ഓടി. അവിടെവെച്ചും മർദനം തുടർന്നു. പെൺകുട്ടി അലറി വിളിച്ചിട്ടും മർദനം തുടരുന്നതും നിലത്തിട്ടു ചവിട്ടുന്നതും സിസിടിവി ദൃശ്യങ്ങളിൽ കാണാം. സംഭവം അറിഞ്ഞ് പൊലീസ് പൊലീസ് സ്ഥലത്തെത്തിയെങ്കിലും ഇവരോട് സംസാരിച്ച ശേഷം തിരികെപ്പോയി.

വിദ്യാർത്ഥികളെ അനുമോദിച്ചു

മരട് : കാട്ടിത്തറ റോഡ് പൗരസമിതിയുടെ നേതൃത്വത്തിൽ എസ് എസ് എൽ സി,പ്ലസ്ടു, ബിരുദ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിച്ചു.കൗൺസിലർ പി.ഡി. രാജേഷ് ഉദ്ഘാടനം ചെയ്തു.ആർ. എസ്. നായർ അധ്യക്ഷത വഹിച്ചു.

സുശീല ഗോപിനാഥ്,എൻ.അരവിന്ദൻ,ടി.കെ.മാധവൻ,കെ. കൃഷ്ണൻകുട്ടി,സഹജ ഹരിദാസ് എന്നിവർ സംസാരിച്ചു.

കാട്ടിത്തറ പൗരസമിതിയുടെ നേതൃത്വത്തിൽ എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ കൗൺസിലർ പി.ഡി രാജേഷ് അനുമോദിക്കുന്നു

യുവതിയുടെ ആത്മഹത്യയ്ക്ക് കാരണം

ഓൺലൈൻ ലോൺ ആപ് സംഘത്തിന്റെ ഭീഷണി

കൊച്ചി: വേങ്ങൂരിൽ യുവതിയുടെ ആത്മഹത്യയ്ക്ക് കാരണം ഉത്തരേന്ത്യൻ ഓൺലൈൻ ലോൺ ആപ് സംഘത്തിന്റെ ഭീഷണിയെന്ന് പൊലീസ്. ലോൺ എടുക്കുന്നതിനുവേണ്ടിയുള്ള പ്രോസസിങ് ഫീസ് തിരികെ ചോദിച്ചതോടെയാണ് യുവതിയെ ലോൺ ആപ്പ് മാഫിയ ഭീഷണിപ്പെടുത്തിയത്. ഈസി ലോൺ, ഇൻസ്റ്റ ലോൺ തുടങ്ങി അഞ്ചോളം ലോൺ ആപ്പുകളാണ് ആരതി ഉപയോഗിച്ചിരുന്നത്. ലോൺ ആപ് സംഘത്തെ പൊലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. അന്വേഷണത്തിന് പ്രത്യേക സംഘത്തെ രൂപീകരിച്ചു.
ഓൺലൈൻ റമ്മികളിച്ച് സാമ്പത്തിക നേട്ടമുണ്ടായതാണ് ആരതിയെ ലോൺ ആപ്പുകളിലേക്ക് എത്തിച്ചത്. റമ്മി കളിച്ച് ആദ്യം പണം ലഭിച്ചു. പിന്നീട് പണം നഷ്ടപ്പെടാൻ തുടങ്ങിയതോടെയാണ് ഓൺലൈൻ ആപ്പിലൂടെ പണം കടമെടുക്കാൻ തുടങ്ങിയത്. പതിനായിരത്തിൽ താഴെ ലോണാണ് ആരതി എടുത്തത്. ഒരു ലക്ഷം രൂപ ലോണിനു വേണ്ടിയായി പിന്നീടുള്ള ശ്രമം. പ്രോസസിങ് ഫീസായി പതിനായിരം രൂപ നൽകിയെങ്കിലും ലോൺ ലഭിച്ചില്ല. ഈ പണം തിരിച്ചു ചോദിച്ചതിനു പിന്നാലെയാണ് ഭീഷണി സന്ദേശങ്ങൾ ലഭിക്കാൻ തുടങ്ങിയത്.
മുൻപ് എടുത്ത ലോണുകൾ പെട്ടെന്ന് അടച്ചു തീർക്കാനാണ് ആവശ്യപ്പെട്ടത്. പിന്നാലെ മോർഫ് ചെയ്ത അശ്ലീല ചിത്രങ്ങൾ അയച്ചു തുടങ്ങി. ആരതിയുടെ ഭർത്താവിന് ഓൺലൈൻ ലോൺ ആപ്പുകളെക്കുറിച്ച് അറിയില്ലായിരുന്നു എന്നാണ് വിവരം. റമ്മി കളിച്ച് പണം ലഭിച്ച കാര്യം മാത്രമാണ് ആരതി പറഞ്ഞിരുന്നത്. പ്രദേശവാസികളിൽ നിന്നും യുവതി പണം കടംവാങ്ങിയിരുന്നു.വീട്ടിലെ കിടപ്പുമുറിയിലാണ് യുവതിയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. യുവതിയുടെ ഫോൺ പരിശോധിച്ചതിൽ നിന്ന് ലോൺ ആപ്പുകാരുടെ ഭീഷണി സന്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഫോൺ കസ്റ്റഡിയിലെടുത്ത് പ്രത്യേക അന്വേഷണ സംഘത്തലവൻ കുറുപ്പംപടി ഇൻസ്പെക്ടർ വി എം കഴ്സന്റെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചു.

സൗജന്യ മെഗാ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു

ചേർത്തല: ചേർത്തല റോട്ടറി ക്ലബ്ബിന്റെയും ശ്രീനാരായണപുരം ചേർത്തല റോട്ടറി ക്ലബ്ബിന്റെയും ശ്രീനാരായണപുരം ദേവസ്വത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

എസ് എൻ വി ഗവ.എൽ പി സ്കൂൾ പുത്തനമ്പലത്തിൽ നടന്ന ചടങ്ങിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി ബി ബിനു ഉദ്ഘാടനം ചെയ്തു. പുത്തനമ്പലം ദേവസ്വം പ്രസിഡന്റ് കെ ഷാജി അധ്യക്ഷതവഹിച്ചു.

റോട്ടറി ക്ലബ് പ്രസിഡന്റ് സുമേഷ് ചെറുവാരണം മുഖ്യപ്രഭാഷണം നടത്തി.എറണാകുളം വി പി എസ് ലേക്ഷോർ ആശുപത്രിയിൽ നിന്നും മെഡിക്കൽ ഗ്യാസ്ട്രോ ഓർത്തോ സർജൻ ജനറൽ മെഡിസിൻ ക്ലിനിക്കൽ ന്യൂട്രീഷൻ തുടങ്ങിയ ഡിപ്പാർട്ട്മെന്റിലെ പ്രഗൽഭരായ ഡോക്ടർമാരും ആലപ്പുഴ ഡെന്റൽ അസോസിയേഷനിലെ ഡോക്ടർമാരും ഐ ഫൗണ്ടേഷൻ ഹോസ്പിറ്റലിലെ വിദഗ്ധരായ ഡോക്ടർമാരും ക്യാമ്പിൽ പങ്കെടുത്തു.

ചടങ്ങിൽ പുത്തനമ്പലം ദേവസ്വം പ്രസിഡന്റ് കെ ഷാജി വയനാട് ദുരിതാശ്വാസ നിധിയിലേയ്ക്ക് 25000 രൂപ നൽകി.ദേവസ്വം സെക്രട്ടറി കെ ഷിബു , റോട്ടറി ക്ലബ് ചാർട്ട് മെമ്പർ പി കെ ധനേശൻ , പി ആർ ഷാജി ,സഞ്ജയ് നാഥ്, കെ ചിദംബരൻ എന്നിവർ സംസാരിച്ചു.

എസ് എൻ വി ഗവ എൽ പി സ്കൂൾ പുത്തനമ്പലത്തിൽ നടന്ന ചടങ്ങിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി ബി ബിനു ഉദ്ഘാടനം ചെയ്യുന്നു

പള്ളുരുത്തിയിൽ ഡോൺ ബോസ്കോ യുവജന കേന്ദ്രം ഉത്ഘാടനം ചെയ്തു

കൊച്ചി നഗരത്തിലെ വളർന്ന് വരുന്ന യുവ തലമുറയിൽ പൗരത്വ ബോധവും സാമൂഹിക അവഗാഹവും ഉളവാക്കുക എന്ന ലക്ഷ്യത്തോടെ പള്ളുരുത്തിയിൽ ഡോൺ ബോസ്കോയുവജന കേന്ദ്രത്തിന് തുടക്കമായി.

പരിപാടി കൊച്ചിൻ കോർപറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്ത് ഉത്ഘാടനം ചെയ്തു. രാജ്യത്തിന്റെ വളർച്ചയിൽ യുവാക്കൾക്കുള്ള പ്രാധാന്യം അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

സ്നേഹ ഭവൻ എക്സി. ഡയറക്ടർ. ഫാ. പി ഡി തോമസ് അദ്ധ്യക്ഷത വഹിച്ചു. കൊച്ചി യൂത്ത് സെന്റർ ഡയറക്ടർ ഫാ. അഭിലാഷ്, കൊച്ചിൻ സിറ്റിഅനക്സ് നൈറ്റ് ഷെൽട്ടർ ഡയറക്ടർ ഫാ. ബിനോ , ഡോൺ ബോസ്കോ ബോയ്സ് ഹോം ഡയറക്ടർ ഫാ. റോണി , യൂത്ത് സെൻറർ അസി. ഡയറക്ടർ ഐസക് തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് യുവജനങ്ങളുടെ കലാപരിപാടികൾ അരങ്ങേറി.

പള്ളുരുത്തിയിൽ ഡോൺ ബോസ്കോയുവജന കേന്ദ്രത്തിൽ നടന്ന ബോധവൽക്കരണ പരിപാടി കോർപറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്ത് ഉത്ഘാടനം ചെയ്യുന്നു.

വൈക്കം പോലീസിനെതിരെ സിപിഐയും എംഎൽഎയും പരാതി നൽകും

വൈക്കം: വഴിയോര കച്ചവട തൊഴിലാളികളെ അനധികൃതമായി ഒഴിപ്പിക്കാനുള്ള നഗരസഭയുടെ നീക്കത്തിൽ പ്രതിഷേധിച്ച സിപിഐ-എ ഐടിയുസി നേതാക്കളെ മർദ്ദിച്ച അന്യായമായ വൈക്കം സി.ഐ കെ.ജെ തോമസിന്റെ നടപടിക്കെതിരെ നിയമസഭാ സ്പീക്കർക്കും ആഭ്യന്തര വകുപ്പിനും പരാതി നൽകുമെന്ന് സിപിഐ ജില്ലാ സെക്രട്ടറി അഡ്വ. വി.ബി ബിനുവും സി.കെ ആശ എംഎൽഎയും പറഞ്ഞു.

സ്വർണവും പണവുമായി മുങ്ങിയ പ്രതി 18 വർഷത്തിന് ശേഷം പോലീസ് പിടിയിൽ

മൂവാറ്റുപുഴ: മൂവാറ്റുപുഴയിലെ ജൂവലറിയിൽ നിന്ന് 240 ഗ്രാം സ്വർണവും മറ്റൊരാളിൽ നിന്ന് ഒന്നര ലക്ഷം രൂപയും ചതിയിലൂടെ കൈക്കലാക്കി മുങ്ങിയ പ്രതിയെ 18 വർഷത്തിന് ശേഷം മൂവാറ്റുപുഴ പോലീസ് മുംബൈയിൽ നിന്നു പിടികൂടി .മുംബൈ മുലുന്ദ് ജോർജിയോൺ ലിങ്ക് റോഡിൽ മഹീന്ദ്രാ ഹശ്ബാ യാദവി (53)നെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. 2006 ൽ ആണ് സംഭവം. ജ്വല്ലറിയിലെ വിശ്വസ്തനായ സ്വർണ പണിക്കാരനായിരുന്നു ഇയാൾ. പാരമ്പര്യമായി സ്വർണ്ണപ്പണിക്കാരനായ പ്രതി കുടുംബസമേതം മൂവാറ്റുപുഴ ഭാഗത്താണ് താമസിച്ചിരുന്നത്. സ്വർണ്ണക്കട്ടി ശുദ്ധി ചെയ്തു കൊടുക്കാമെന്ന് പറഞ്ഞ് 240 ഗ്രാം സ്വർണ്ണം ജ്വല്ലറിയിൽ നിന്നും വാങ്ങി. യാദവിന്റെ സുഹൃത്തിൽ നിന്ന് ഒന്നര ലക്ഷം രൂപയും മേടിച്ച് കടുംബ സമേതം മുങ്ങി. ആ സമയം ഇയാൾ മുംബൈയിൽ താമസിച്ചിരുന്നത് സാൻഗ്ലീ ജില്ലയിലെ പൽ വൻ ഗ്രാമത്തിലായിരുന്നു. അവിടെ പോലീസ് വ്യാപക അന്വേഷണം നടത്തിയെങ്കിലും ഇയാളെ കണ്ടെത്താൻ കഴിഞ്ഞില്ല. പതിനെട്ടു വർഷങ്ങൾക്ക് ശേഷം ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേനയുടെ മേൽനോട്ടത്തിൽ കേസ് പുനരന്വേഷണം നടത്തുകയായിരുന്നു. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെയായിരുന്നു അന്വേഷണം. ഇയാൾ മുംബൈയിലുണ്ടെന്ന് കണ്ടെത്തി. സമ്പന്നർ താമസിക്കുന്ന പ്രദേശത്ത് ജ്വല്ലറികളുടെ ഉടമയായി കഴിയുകയായിരുന്നു. ഇയാളെ അവിടെ നിന്ന് അറസ്റ്റ് ചെയ്യുക ബുദ്ധിമുട്ടായിരുന്നു. തുടർന്ന് പുലർച്ചെ നടത്തിയ പ്രത്യേക ഓപ്പറേഷനിൽ അറസ്റ്റ് ചെയ്ത് കൊണ്ടുവരികയായിരുന്നു. മൂവാറ്റുപുഴ ഡിവൈഎസ്പി പി എം ബൈജു, ഇൻസ്പെക്ടർ ബേസിൽ തോമസ് സബ് ഇൻസ്പെക്ടർമാരായ മാഹിൻ സലിം വിഷ്ണു രാജു കെ കെ രാജേഷ് പി കെ വിനാസ് പി സി ജയകുമാർ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ കെ.എ അനസ്, ബിബിൽ മോഹൻ എന്നിവർ ഉൾപ്പെട്ട ടീമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു

ഇന്ദിര പ്രിയദർശിനി ഹാൾ ഉദ്ഘാടനം നാളെ

കോതമംഗലം :കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് മന്ദിരത്തിൽ ആധുനിക സംവിധാനങ്ങളോടെ നിർമിച്ച 'ഇന്ദിര പ്രിയദർശിനി' കോൺഫറൻസ് ഹാൾ നാളെ 10നു ഡീൻ കുര്യാക്കോസ് എംപി ഉദ്ഘാടനം ചെയ്യും.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം. ബഷീർ അധ്യക്ഷനാകും.എംഎൽഎമാരായ ആന്റണിജോൺ, മാത്യു കുഴൽനാടൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ തുടങ്ങിയവർ പങ്കെടുക്കും.

LOST
Car Regn. No:KL39N6188, Renault Kwid RXL (BS IV), Owner: Eapen K C, S/o KV Chacko, Villa 23, Kandanthil, Palm Meadows, Prime Meridian, Cheppanam, Kumbalam, Ernakulam, Kerala

ഇന്ത്യൻ കോളെജ് ഓഫ് കാർഡിയോളജി സംസ്ഥാന സമ്മേളനം നാളെ

കൊച്ചി: ഹൃദയാഘാതം അടക്കമുള്ള ഹൃദ്രോഗങ്ങളുടെ പ്രതിരോധം ,രോഗ നിർണ്ണയം, ചികിത്സ എന്നിവക്കായുള്ള ഏറ്റവും പുതിയ സംവിധാനങ്ങളും. മാർഗ്ഗരേഖകളും, ചർച്ച ചെയ്യുന്ന ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജിയുടെ വാർഷിക സമ്മേളനം ആഗസ്റ്റ് 24, 25 തീയതികളിൽ ഹോട്ടൽ ഹോളിഡേ ഇന്നിൽ നടക്കും.ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. വിനോദ് തോമസ് സമ്മേളനം 24ന്, ശനിയാഴ്ച രാവിലെ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് ഡോ. സുരേഷ് കെ, സെക്രട്ടറി ഡോ. അനിൽ റോബി, ഡോ.അർഷാദ് എം, ഓർഗനൈസിങ് ചെയർമാൻ ഡോ.രാജേഷ് ടി, ഓർഗനൈസിങ് സെക്രട്ടറി ഡോ.രഞ്ജുകുമാർ ബി.സി. എന്നിവർ ഉത്ഘാടന ചടങ്ങിൽ സംസാരിക്കും.
മുതിർന്നവരിലെ ഹൃദ്രോഗം, കീറി മുറിക്കൽ ഇല്ലാത്ത ഇന്റർവെൻഷണൽ കാർഡിയോളജി, ഇലക്ട്രോഫിസിയോളജി, സ്ട്രക്ചറൽ ഹൃദ്രോഗത്തിലെ നടപടിക്രമങ്ങൾ, എക്കോകാർഡിയോഗ്രാഫി തുടങ്ങിയ വിഷയങ്ങളും ഹൃദ്രോഗ ചികിത്സയിലെ പുതിയ മരുന്നുകളും സംബന്ധിച്ച ചർച്ചകൾ രണ്ടു ദിവസങ്ങളിലായി നടക്കുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ.രഞ്ജു കുമാർ ബി.സി.പറഞ്ഞു.ഹൃദ്രോഗ പ്രതിരോധത്തിലെ ഏറ്റവും പുതിയ കാൽവയ്പുകൾ സമ്മേളനം ചർച്ച ചെയ്യും.
ഹൃദ്രോഗങ്ങളിലേക്ക് നയിക്കുന്ന ഘടകങ്ങൾ നിയന്ത്രണ വിധേയമാക്കാൻ ആരോഗ്യ മേഖല സദാ സജ്ജമാകേണ്ടതുണ്ട്.

രക്തസമ്മർദ്ദം, രക്തത്തിലെ ഗ്ളൂക്കോസ്, കൊളസ്ട്രോൾ, അമിതഭാരം, അനാരോഗ്യകരമായ ഭക്ഷണം ജീവിതരീതികൾ, എന്നിവയെ സംബന്ധിച്ച് നിരന്തരമായ ബോധവത്കരണ പരിപാടികളിലൂടെ വ്യക്തികളുടെ ജീവിത ശൈലിയിൽ കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതും അനിവാര്യമാണ്.

ഇതിനുള്ള ചർച്ചകളും സമ്മേളനത്തിന്റെ ഭാഗമായി നടക്കുമെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ.രഞ്ജു കുമാർ പറഞ്ഞു.നാന്നൂറിലധികം വിദഗ്ദ്ധ കാർഡിയോളജിസ്റ്റുകളും , ഗവേഷകരും ശാസ്ത്രജ്ഞരും സമ്മേളനത്തിൽ പങ്കെടുക്കും.

കോതമംഗലം മൗണ്ട് സീനായ് ചാമ്പ്യൻമാർ

കോതമംഗലം: കറുകടം സെന്റ് മേരീസ് സ്കൂളിൽ നടന്ന എം.ജെ.എസ്.എസ്.എ. കോതമംഗലം ഡിസ്ട്രിക്ട് കലോത്സവത്തിൽ മോർ ബസേലിയോസ് സൺഡേ സ്കൂൾ മൗണ്ട് സീനായ് 138 പോയിന്റ് നേടി ഓവർറോൾ ചാമ്പ്യൻമാരായി.ഇഞ്ചൂർ സെന്റ് തോമസ് സൺഡേ സ്കൂൾ റണ്ണേഴ്സ് അപ്പ് ട്രോഫിയും കോതമംഗലം മാർ ബേസിൽ സൺഡേ സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.കോതമംഗലം മേഖല മെത്രാപ്പോലിത്ത ഏലിയാസ് മോർ യൂലിയോസ് വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിച്ചു.

മാർ തോമ ചെറിയ പള്ളി വികാരി ഫാ. ജോസ് പരുത്തുവയലിൽ അധ്യക്ഷത വഹിച്ചു. ഫാ. എൽദോസ് നമ്മനാലിൽ, ഫാ. എൽദോസ് കക്കാനാട്ട്, ഫാ. ബേസിൽ ഇട്ടിയാനിക്കൽ, എം. ജെ.എസ്.എസ്.എ. സെക്രട്ടറി പി.വി. പൗലോസ്, ഡയറക്ടർ ജോൺ ജോസഫ്, ഇൻസ്പെ കർ എബി വി. ഞാളിയത്ത്, സെക്രട്ടറി ടി.ടി. വർഗീസ്, കെ. എം. കുര്യാക്കോസ് എന്നിവർ

പ്രസംഗിച്ചു. മൗണ്ട് സീനായ് സൺഡേ സ്കൂൾ വിദ്യാർഥികളായ ഡേവിഡ് എബി എബ്രാഹം(ജൂനിയർ) സുസൻ ജിജി (പ്ലസ് 1, പ്ലസ് 2) ഇഞ്ചൂർ സെന്റ് തോമസ് സൺഡേ സ്കൂളിലെ സെറ സൂസൻ ജിൻസ് (സബ് ജൂനിയർ) എവിൻ ഷാജി (സീനിയർ) എന്നിവർ കലാപ്രതിഭ സ്ഥാനവും കരസ്ഥമാക്കി. 31 പോയിന്റ് നേടി മൗണ്ട് സീനായ് സൺഡേ സ്കൂൾ ടീച്ചേഴ്സ് വിഭാഗത്തിലും ഓവർറോൾ ചാമ്പ്യൻമാരായി.

MUTHOOT M GEORGE NIDHI LIMITED
(Formerly Muthoot M George Permanent Fund Ltd.)
Registered Office: Building No 13/1774, Ground Floor, Muthoot Towers College Road, Kozhencherry College, Kozhencherry, Pathanamthitta, Kerala – 689641,
secdep@muthootgroup.com, CIN: U65991KL1987PLC004730

NOTICE

Notice is hereby given that the 37th Annual General Meeting of the members of Muthoot M George Nidhi Limited (Formerly Muthoot M George Permanent Fund Limited) will be held on Monday the 30th of September 2024 at 11.00 AM at the registered office of the Company at Building No. 13/ 1774, Ground Floor, Muthoot Towers College Road, Kozhencherry, Pathanamthitta – 689 641 to transact the business contained in the Notice convening the Annual General Meeting.

Annual Report for the financial year 2023-24 containing the Notice calling the Annual General Meeting, Directors Report, Auditors Report and Financial statements for the period ended 31st March 2024 is being displayed on the notice board at the Company's registered office.

A member entitled to attend, and vote is entitled to appoint a proxy to attend and vote instead of himself.

For and on behalf of the Board
Sd/-
Elizabeth Jacob
Director
(DIN: 00018263)

Kozhencherry : 689641
Date: 22nd August 2024

AUTHUM ഓതം ഇൻവെസ്റ്റ്മെന്റ് & ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
രജിസ്ട്രേഡ് ഓഫീസ്: 707, റഹിജ സെന്റർ, ഫ്രീ പ്രസ് ജേണൽ റോഡ്, നരിമാൻ പോയിന്റ്, മുംബൈ- 400 021.
ഓഫീസ്: - ആറാം നില, മാത്യുസണൺസ് സെന്റർ പോയിന്റ്, കോട്ടക് ബാങ്കിന് മുകളിൽ, മാമംഗലം, എറണാകുളം 682 025
ജപ്തി നോട്ടീസ് (സുരക്ഷാ താൽപ്പര്യ (എൻഫോഴ്സ്മെന്റ് ചട്ടങ്ങൾ, 2002 ലെ റൂൾ 8(2) പ്രകാരം)

താഴെ പ്രതിപാദിക്കുന്നത് ഓതം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ (എഎഐഎൽ) അംഗീകൃത ഓഫീസറാണ്, സുരക്ഷാ അസറ്റ് റികൺസ്ട്രക്ഷൻ ലിമിറ്റഡിൽ നിന്ന് (എസ്ആർഎൽ) 20.03.2024 ലെ എല്ലാ വിധ എതിരെതിർപ്പോടെ വായ്പ നൽകുന്ന ബിസിനസ്സിന്റെ കരാറിന്റെ അടിസ്ഥാനത്തിൽ ഹലുണ്ടാക്കുന്ന കമ്പനി 2002 ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റുകൾ, എൻഫോഴ്സിമെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് എന്നിനിയമ്ക്ക് കീഴിലും. സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ [റൂൾ 3] ഉപയോഗിച്ച് വായിച്ചിട്ടുള്ള സെക്ഷൻ 13 (12) പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും. പ്രസ്തുത നോട്ടീസ് ലഭിച്ച തിയതി മുതൽ 60 ദിവസത്തിനകം നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിന് താഴെ സൂചിപ്പിച്ചിട്ടുള്ള കടം വാങ്ങുന്നവർ/സഹ-വായ്പ എടുക്കുന്നവർ.
കടം വാങ്ങുന്നയാൾ/സഹ-വായ്പക്കാരൻ തുക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, താഴെ പ്രതിപാദിച്ച തീയ്യതി നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന സ്വത്ത് കൈവശപ്പെടുത്തിയതായി കടം വാങ്ങുന്നയാൾ/സഹ കടം വാങ്ങുന്നവർക്കും പൊതുജനങ്ങൾക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു.
സെക്ഷൻ 13-ന്റെ ഉപവകുപ്പ് (4) പ്രകാരം താഴെപ്പറയുന്ന തീയതികളിൽ, 2002 ലെ സുരക്ഷാ താൽപ്പര്യ (എൻഫോഴ്സ്മെന്റ് ചട്ടങ്ങളുടെ 8-ാം ചട്ടത്തോടുകൂടിയ വായിച്ചു. കടം വാങ്ങുന്നയാൾ/സഹ-വായ്പ എടുക്കുന്നവർ പ്രത്യേകിച്ചും പൊതുജനങ്ങളും സ്വത്തുമായി എന്തെങ്കിലും ഇടപാടുകൾ നടത്തരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു.
വസ്തുവുമായി ബന്ധപ്പെട്ട ഇടപാടുകൾ ഓതം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനോ (എഎഐഎൽ) ചട്ടത്തിലായി